

THURSDAY 02/10/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/10/2025

1. കേന്ദ്ര സർക്കാർ **"ദേശീയ ഗോപാൽ രത്ന പുരസ്കാരം 2025 "** അപേക്ഷ ക്ഷണിച്ചു. 1. തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി ഏറ്റവും നല്ല രീതിയിൽ പരിപാലിക്കുന്ന ക്ഷീര കർഷകൻ, 2. ഏറ്റവും നല്ല ഡയറി കോപ്പറേറ്റീവ് / മിൽക്ക് പ്രൊഡ്യൂസർ കമ്പനി / ഡയറി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ ,3. ഏറ്റവും നല്ല എ.ഐ ടെക്നീഷ്യൻ (AIT), എന്നീ വിഭാഗങ്ങളിലാണ് അവാർഡ് നൽകുന്നത്. ആദ്യ രണ്ട് വിഭാഗങ്ങളിലെ പുരസ്കാര വിജയികൾക്ക് ഒന്നാം സമ്മാനം 5 ലക്ഷം രൂപ, രണ്ടാം സമ്മാനം 3 ലക്ഷം രൂപ, മൂന്നാം സമ്മാനം 2 ലക്ഷം രൂപ അതോടൊപ്പം സർട്ടിഫിക്കറ്റും, മെമന്റോയും നൽകുന്നതാണ്. രണ്ടാം വിഭാഗത്തിന് ഏറ്റവും നല്ല എ.ഐ ടെക്നീഷ്യൻ(AI) മെറിറ്റ് സർട്ടിഫിക്കറ്റും, മെമന്റോയും ലഭിക്കുന്നതാണ്. എന്നാൽ സമ്മാന തുക ഉണ്ടായിരിക്കുന്നതല്ല. അവാർഡ് ജേതാക്കൾക്ക് യാത്രാ ബത്തയും (railway Second A/C fare), ക്ഷാമബത്തയും റീ ഇംബേഴ്സ്മെന്റായി ലഭിക്കുന്നതാണ്. മുൻ വർഷങ്ങളിൽ ഗോപാൽരത്ന/കാമധേനു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അവാർഡ് എന്നിവയിൽ ഏതെങ്കിലും അവാർഡ് ലഭിച്ചിട്ടുള്ള കർഷകർ/ സ്ഥാപനങ്ങൾ ഗോപാൽ രത്ന 2025 പുരസ്കാരത്തിന് അപേക്ഷിക്കുവാൻ പാടുള്ളതല്ല. കേന്ദ്രസർക്കാർ (എൻ.ബി.എ.ജി.ആർ) അംഗീകരിച്ച തനത് ജനുസ്സിൽപ്പെട്ട കന്നുകാലികൾ (പശുക്കൾ –53 ജനുസ്സുകൾ, എരുമ – 20 ജനുസ്സുകൾ) പരിപാലിക്കുന്ന കർഷകർക്ക് അപേക്ഷിക്കാൻ യോഗ്യതയുണ്ട്. 90 ദിവസത്തെ കൃത്രിമ ബീജാധാന പരിശീലനം ലഭിച്ചിട്ടുള്ള സംസ്ഥാനങ്ങളിലെയോ, കേന്ദ്ര ഭരണ പ്രദേശങ്ങളിലേയോ കന്നുകാലി വികസന ബോർഡുകൾ/മിൽക്ക് ഫെഡറേഷനുകൾ/എൻ.ജി.ഒ കൾ/മറ്റ് സർക്കാർ/സ്വകാര്യ ബീജാധാന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന എ.ഐ ടെക്നീഷ്യന്മാർക്ക് ഗോപാൽരത്ന പുരസ്ക്കാരത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വെറ്ററിനറി ഡോക്ടർമാരെ ഈ പുരസ്കാരത്തിന് പരിഗണിക്കുന്നതല്ല. കുറഞ്ഞത് 50 ക്ഷീരകർഷകർ അംഗങ്ങളായുള്ളതും, ദിനംപ്രതി 100 ലിറ്റർ പാൽ ശേഖരിക്കുന്നതുമായ, കമ്പനീസ് ആക്ട്/കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ/മിൽക്ക് പ്രൊഡ്യൂസിംഗ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കമ്പനി/ ഡയറി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവയ്ക്ക് ഗോപാൽരത്ന പുരസ്കാരത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. Ministry of Home Affairs (MHA) യുടെ https://awards.gov.in എന്ന അവാർഡ് പോർട്ടലിലൂടെ അപേക്ഷിക്കാവുന്നതാണ്. **അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 15/09/2025.** താൽപ്പര്യമുള്ള ക്ഷീര കർഷകർ ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ഏറ്റവും അടുത്തുള്ള മൃഗാശുപത്രിയിലെ ബന്ധപ്പെട്ട ഡോക്ടറെയോ, ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥനേയോ, ക്ഷീര സഹകരണ സംഘങ്ങളേയോ സമീപിക്കാവുന്നതാണ്.

2. നാളികേര വികസന ബോർഡിൻ്റെ നേര്യമംഗലത്തുള്ള വിത്തുൽപാദന പ്രദർശന തോട്ടത്തിൽ പാകി കിളിർപ്പിച്ച അത്യുൽപാദന ശേഷിയുള്ള കുറ്റ്യാടി (WCT) തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് തയാറായിട്ടുണ്ട്. വില 100 രൂപ. പുതുകൃഷി പദ്ധതി പ്രകാരം 350 രൂപ ബോർഡിൻ്റെ സബ്സിഡി ലഭിക്കു-തിനുള്ള അപേക്ഷാ ഫോമുകളും തൈകൾക്കൊപ്പം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദിവസങ്ങളിൽ 04852554240, 9656858850 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ജനനകീയ മത്സ്യ കൃഷി പദ്ധതിയുടെ ഘടകപദ്ധതിയായ അര സെന്റ് വിസ്തൃതിയുള്ള പടുതകുളങ്ങളിലേക്ക് മത്സ്യകുഞ്ഞുങ്ങളെ നൽകുന്ന മുറ്റത്തൊരു മീൻതോട്ടം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. നിശ്ചിത മാതൃകയിലേക്കുള്ള അപേക്ഷകൾ തൃക്കരിപ്പൂർ, കാഞ്ഞങ്ങാട്, കാസർകോട്, കുമ്പള, കൊല്ലം മത്സ്യഭവന് ഓഫീസുകളിൽ ലഭിക്കും. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന **തീയതി ഒക്ടോബർ 6** ആണ്. ഫോൺ– 0467 2202537 , 0474 2795870.

4. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികളുടെ മക്കളിൽ 2024-25 ലെ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ളസ് നേടിയ വിദ്യാർത്ഥിനികൾക്കുള്ള ഉപരിപഠന സ്കോളർഷിപ്പ് (10,000രൂപ) പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. കയർ തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും 2025 മെയ് 31 ല് രണ്ടു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വർഷത്തെ സാധുവായ അംഗത്വമുള്ള കുടിശ്ശിക കൂടാതെ വിഹിതം ഒടുക്കി വരുന്ന തൊഴിലാളികളുടെ പെൺകുട്ടികളിൽ 2024-25 ലെ പ്ലസ് ടു ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങിയവർക്കാണ് സ്കോളർഷിപ്പിന് അർഹത. ബി പി എൽ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് മുൻഗണന ലഭിക്കും. അപേക്ഷയ്ക്കൊപ്പം അപേക്ഷകന് ക്ഷേമനിധി പാസ്സ് ബുക്കിന്റെ കോപ്പിയും വിദ്യാർത്ഥിനിയുടെ പ്ലസ് ടു മാർക്ക് ലിസ്റ്റ് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ, വിദ്യാർഥിനിയുടെ ആധാർ പകർപ്പ, അപേക്ഷകന്റെ ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പിയും (ബാങ്ക് അക്കൗണ്ട ആധാർ ലിങ്ക് ചെയ്തതായിരിക്കണം) റേഷൻകാർഡിന്റെ പകർപ്പ് എന്നിവയും ഹാജരാക്കേണ്ടതാണ്. അപേക്ഷ സൗജന്യമായി ബോർഡിന്റെ എല്ലാ ഓഫീസുകളിൽ നിന്നും https://www.coirworkerswelfarefundkerala.gov.in വെബ്സൈറ്റിൽ നിന്നും ലഭിയ്ക്കും. അപേക്ഷാ ഫോം കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ഓഫീസുകളിലും ഒക്ടോബർ 31 വരെ സ്വീകരിക്കുമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 13ന് ലോക മുട്ട ദിനത്തോടനുബന്ധിച്ച് വിവിധ രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പരിപാടിയായ "സംരംഭകത്വ സംഗമത്തിന്റെ" രജിസ്ട്രേഷൻ ആരംഭിച്ചു. ഒക്ടോബർ 15ന് **എരുമ വളർത്തൽ** എന്ന വിഷയത്തിലും ഒക്ടോബർ24ന് **ഓമന പക്ഷി വളർത്തൽ** എന്ന വിഷയത്തിലും രജിസ്ട്രേഷൻ ആരംഭിച്ചതായി കണ്ണൂർ പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04972-763473.

6. കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ ഗോട്ട് ആൻഡ് ഷീപ്പ് ഫാം മണ്ണുത്തിയിൽ വച്ച് **ആട് ഫാമിംഗ് ഭാവിയുടെ ബിസിനസ് എന്ന വിഷയത്തിൽ** നൂതന സാങ്കേതികവിദ്യകളേയും രോഗപ്രതിരോധ മാർഗ്ഗങ്ങളേയും പരിചയപ്പെടുത്തുന്ന ഏകദിന പരിശീലനം 06.10.2025 ന് രാവിലെ 9 മുതൽ വൈകീട്ട് 5 വരെ നടത്തുന്നു. രജിസ്ട്രേഷനും കൂടുതൽ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്കും മൊബൈൽ നമ്പർ 9447796219. രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തിയ്യതി 03.10.2025 വൈകീട്ട് 5 മണി വരെ.

7. **കാർഷിക നിർദേശം**

വഴുതനയുടെ ഇലചുരുട്ടി പുഴുവിനെ നിയന്ത്രിക്കാൻ ക്ലോറാൻട്രനിലിപ്രോൾ 18.5 EC , 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം